**പതിനഞ്ചാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 244** **29-01-2024-ൽ മറുപടിയ്ക്ക്**

**<u>ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയിൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴിയുള്ള താൽക്കാലിക നിയമനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ഡോ. എം. കെ. മുനീർ

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയിൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴി എത്ര താൽക്കാലിക ജീവനക്കാർ സേവനം അനുഷ്ഠിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; ഓരോരുത്തരുടെയും നിയമന രീതി, നിയമനം നടത്തിയ തീയതി എന്നിവ തരം തിരിച്ച് ലഭ്യമാക്കാമോ;

**<u>മറുപടി:</u>** കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി പദ്ധതിയുമായി ബന്ധപ്പെട്ട് ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയിൽ 73 താൽക്കാലിക ജീവനക്കാർ സേവനം അനുഷ്ഠിക്കുന്നുണ്ട്.

ഓരോരുത്തരുടെയും നിയമന രീതി, നിയമനം നടത്തിയ തീയതി എന്നീ വിവരങ്ങൾ അനുബന്ധം-I ആയി ചേർക്കുന്നു.

**(ബി)** പ്രസ്തുത ആശുപത്രിയിൽ,ചികിത്സാ പദ്ധതികളുടെ വിഭാഗം ഉത്തരവ് നം:-എ6-1557/22/ ശ്രീ:അ:തിരു:ആ:തീ:19/10/2023 എന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

**<u>മറുപടി:</u>** ഉത്തരവിന്റെ പകർപ്പ് അനുബന്ധം-II ആയി ചേർക്കുന്നു.

**(സി)** കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി വഴി ഈ ആശുപത്രിയിൽ ജോലി നോക്കി വന്നിരുന്ന ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്ക് 2020 ജനവരി മുതൽ 2023 സെപ്റ്റംബർ മാസം വരെ നൽകിയ ഓരോ മാസത്തെയും ശമ്പളവും ദിവസ വേതന നിരക്കും തരംതിരിച്ച് ലഭ്യമാക്കാമോ;

**<u>മറുപടി:</u>** ടി വിവരം ഉൾക്കൊള്ളുന്ന ഫയൽ പരിശോധനകൾക്കായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ വിഭാഗം 30.11.2023 ൽ ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയിൽ നിന്ന് കൊണ്ടു പോയിട്ടുള്ളതിനാൽ ഈ വിവരം ലഭ്യമാക്കാനാകാത്ത സാഹചര്യമാണ് നിലവിലുള്ളത്.

**(ഡി)** പ്രസ്തുത ആശുപത്രിയിൽ കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിക്ക് കീഴിൽ ദിവസ വേതന അടിസ്ഥാനത്തിൽ ജോലി നോക്കി വരുന്ന ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്ക് ചികിത്സ പദ്ധതികളുടെ

വിഭാഗം ഉത്തരവ് നം:-എ6-1557/22 ശ്രീ:അ:തിരു:ആ:തീ:19/10/2023 എന്ന ഉത്തരവ് പ്രകാരം സീനിയോരിറ്റി അടിസ്ഥാനമാക്കി ശമ്പളം പുന.ക്രമീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഇല്ല. ചികിത്സാ പദ്ധതികളുടെ വിഭാഗം ഉത്തരവ് നം.എ6/1557/22/ശ്രീ.അ.തിരു.ആ. തീയതി 19.10.2023 എന്ന ഉത്തരവ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിക്ക് കീഴിൽ ദിവസ വേതന അടിസ്ഥാനത്തിൽ ജോലി നോക്കി വരുന്ന ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ, ഫാർമസിസ്റ്റുമാർ, ഡയാലിസിസ് ടെക്നീഷ്യൻ എന്നിവർക്ക് 30.08.2023 പ്രാബല്യത്തിൽ പുനർനിയമനം നൽകിക്കൊണ്ടുള്ളതാണ്.

**(ഇ)** പ്രസ്തുത ആശുപത്രിയിലെ കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിക്ക് കീഴിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ ഉത്തരവ് നമ്പർ എ6/2737/2019/ശ്രീ.അ.തി.ആ. പ്രകാരം ആർക്കെങ്കിലും നിയമനം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിയമനങ്ങൾ 16.10.2008-ലെ സർക്കാർ ഉത്തരവ് പാലിച്ചാണോയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. 16.10.2008-ലെ സ.ഉ (കൈ ) നം .540/ 2008 / ആ.കു.വ ഉത്തരവ് പ്രകാരം സ്കീമുകളുടെ സംയുക്ത ടെക്നിക്കൽ സമിതിയുടെ തീരുമാന പ്രകാരമാണ് നിയമനങ്ങൾ നടത്തിയിട്ടുള്ളത്.

**(എഫ്)** പ്രസ്തുത സർക്കാർ ഉത്തരവ് പാലിച്ചിട്ടില്ലായെങ്കിൽ ഈ ആശുപത്രിയിലെ എ6/2737/2019/ ശ്രീ.അ.തി.ആ. എന്ന ഉത്തരവ് ഏത് മാനദണ്ഡ പ്രകാരമാണെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ഉത്തരം (ഇ) പിരിവിൽ ചേർത്തിട്ടുണ്ട്

**സെക്ഷൻ ഓഫീസർ**